# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 25      28.06.2016-ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ സുരക്ഷ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി മൂലം എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാ നിയമം അനുസരിച്ചുള്ള നടപടികൾ ശക്തമാക്കുക, അക്രമ സംഭവങ്ങളിലും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടുള്ള വ്യക്തികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നടപടികൾ സ്വീകരിക്കുക, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുക, എല്ലാ കുറ്റവാളികളെയും നിയമ നടപടിയ്ക്ക് വിധേയമാക്കുകയും, പ്രോസിക്യൂഷൻ നടപടികൾ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നിവയായിരുന്നു കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ. |
| (സി) ഈ പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ലോക്കൽ പോലീസും, ഇന്റലിജൻസ് വിഭാഗവും ഏകോപിപ്പിച്ച് മേൽ വിവരിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, സി.ആർ.പി.സി. 107 പ്രകാരമുള്ള പരിരക്ഷ നൽകുന്നതിനും, ജനങ്ങളുടെ സ്വൈര ജീവിതം ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾ എടുത്തിരുന്നു. |
| (ഡി) എത്രമാത്രം ഉദ്ദേശ്യലക്ഷ്യങ്ങൾ പദ്ധതി നടത്തിപ്പുവഴി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. ആയതിനാൽ ലക്ഷ്യങ്ങൾ കൈവരിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ